യന്ത്രനിർമ്മിതവുമായ ഒട്ടനവധി പ്രക്രിയകൾ ആവശ്യമായിട്ടുണ്ട്. ഈ പ്രക്രിയകൾ സഞ്ചാരികൾക്കായി സജ്ജീകരിക്കുന്നതോടൊപ്പം കയറുൽപ്പന്നങ്ങളുടെ വിപണനവും ഇതിലൂടെ ലക്ഷ്യമിടുന്നു. കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ന്യായമായ വേതനം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു.

(സി) സ്ഥലം ലഭ്യമായി അതിനനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ. ഉൽപ്പന്നങ്ങൾ സ്വദേശ വിദേശ സഞ്ചാരികൾക്കും പരിചയപ്പെടുത്തി വിപണനം മെച്ചപ്പെടുത്തുക എന്നാണ് പൊതുവായി ഉദ്ദേശിക്കുന്നത്.

(ഡി) സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

കയർമേഖലയുടെ പുനരുജ്ജീവനം

212 (7183) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖലയിൽ ഇപ്പോൾ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ലാഭകരമായി പ്രവർത്തിക്കുന്ന എത്ര സംഘങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ 3 വർഷത്തിനിടെ എത്ര കയർ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടു എന്നുള്ള വിശദാംശം നൽകുമോ ;

(ഡി) ലിക്വിഡേറ്റ് ചെയ്യപ്പെട്ട സംഘങ്ങളിലെ തൊഴിലാളികളിൽനിന്നും പിരിച്ചെടുത്ത ത്രിഫ്റ്റ്സംഖ്യ തൊഴിലാളികൾക്ക് തിരിച്ചുകൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കയർ വ്യവസായത്തിലെ എല്ലാ മേഖലകളിലുമായി ഇപ്പോൾ 484 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു :

ക്രമ നമ്പർ	കയർപ്രോജക്ട് ഓഫീസ് പ്രതിനിധീകരിക്കുന്ന ജില്ല	എണ്ണം
(1)	(2)	(3)
1	ചിറയിൻകീഴ്(തിരുവനന്തപുരം ജില്ല)	43
2	കൊല്ലം (കൊല്ലം, പത്തനംതിട്ട ജില്ലകൾ)	74
3	കായംകുളം (ആലപ്പുഴ ജില്ല)	77
4	ആലപ്പുഴ (ആലപ്പുഴ ജില്ല)	135

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
5	വൈക്കം (കോട്ടയം, ഇടുക്കിജില്ലകൾ	26
6	വടക്കൻ പറവൂർ (എറണാകുളം ജില്ല)	15
7	തൃശൂർ (തൃശൂർജില്ല)	16
8	പൊന്നാനി (മലപ്പുറം,പാലക്കാട് ജില്ലകൾ	15
9	കോഴിക്കോട് (കോഴിക്കോട്, വയനാട് ജില്ലകൾ	54
10	കണ്ണൂർ (കണ്ണൂർ, കാസർഗോഡ് ജില്ലകൾ)	29
	ആകെ	484

(ബി) ഇതിൽ 129 സംഘങ്ങൾ വ്യാപാര ലാഭത്തിലും ഒരു സംഘം അറ്റലാഭത്തിലും പ്രവർത്തിക്കുന്നു. പേര് വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ മൂന്നുവർഷത്തിനിടെ 16 കയർ സഹകരണ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) കഴിഞ്ഞ മൂന്നുവർഷത്തിനിടെ 16 കയർ സഹകരണ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടതിൽ ചിറയിൻകീഴ് പ്രോജക്ടിന് കീഴിലെ 12 സംഘങ്ങളിലെ 6 സംഘങ്ങൾ തൊഴിലാളികളിൽനിന്നും ത്രിഫ്റ്റ് സംഖ്യ പിരിച്ചിരുന്നില്ല. മറ്റ് 6 സംഘങ്ങളിൽ തൊഴിലാളികളിൽനിന്നും പിരിച്ച ത്രിഫ്റ്റ് തുക പ്രസ്തുത സംഘങ്ങൾക്ക് ആവശ്യമായ ഫണ്ടും ആസ്തിയും ഇല്ലാത്തതിനാൽ തിരികെ നൽകാൻ കഴിയുന്നതല്ല. ആലപ്പുഴ പ്രോജക്ടിൻ കീഴിൽ ലിക്വിഡേറ്റ് ചെയ്യപ്പെട്ട 2 സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമായിരുന്നതിനാൽ തൊഴിലാളികളിൽനിന്നും ത്രിഫ്റ്റ് പിരിച്ചിട്ടില്ല. തൃശൂർ പ്രോജക്ടിന് കീഴിൽ ലിക്വിഡേറ്റ് ചെയ്ത 2 സംഘങ്ങളിലെയും തൊഴിലാളികൾക്ക് ത്രിഫ്റ്റ് സംഖ്യ തിരികെ നൽകിയിട്ടുണ്ട്.

കയർ മേഖലയ്ക്കനുവദിച്ച തുകയും കയറ്റുമതിയും

213 (7184) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തികവർഷം കയർമേഖലയ്ക്ക് അനുവദിച്ച തുക ഏതൊക്കെ മേഖലയിൽ വിനിയോഗിച്ചു എന്നറിയിക്കുമോ ; അതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2014-15 സാമ്പത്തികവർഷം കയർമേഖലക്ക് അനുവദിച്ച തുക എത്രയെന്നറിയിക്കുമോ ;

(സി) ഈ മേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2013-14 സാമ്പത്തികവർഷം എത്ര കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു എന്നറിയിക്കാമോ ; ഇതുമൂലമുള്ള വരുമാനം സംബന്ധിച്ചവിവരം നൽകുമോ ; ഏതെല്ലാം സ്ഥലങ്ങളിലേക്ക് കയറ്റുമതി നടത്തിയിട്ടുണ്ട് എന്നറിയിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly